ഉത്തരം

(എ) സർവീസ് പെൻഷൻകാരുടെ ഇൻഷ്വറൻസ് സ്കീമുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇൻഡ്യാ ഗവൺമെന്റ് നടപ്പിലാക്കിയ നാഷണൽ പെൻഷൻ സ്കീം കേരളത്തിലും നടപ്പിലാക്കിയ സാഹചര്യത്തിൽ ഇൻഷ്വറൻസ് കമ്പനികൾ മുന്നോട്ട് വയ്ക്കുന്ന പ്രായപരിധി, പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ പരിശോധിച്ച് സംസ്ഥാനത്തെ പെൻഷൻകാർക്കായി ഒരു സമഗ്ര ചികിത്സാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പത്താം ശമ്പളക്കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തി പരിശോധിച്ചുവരികയാണ്.

(ബി) ബാധകമല്ല.

വിദ്യാഭ്യാസ വായ്പയെടുത്തവർക്കെതിരെയുള്ള ജപ്തി

65 (T*1769) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്തവർക്കെതിരെ ബാങ്കുകൾ ജപ്തി ഭീഷണി വ്യാപകമാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല ബാങ്കുകളും ഇത്തരം വായ്പക്കാർക്കെതിരെ സർഫാസി നിയമപ്രകാരമുള്ള പരസ്യപ്പെടുത്തൽ പരസ്യം നൽകിയും വായ്പാ തീർപ്പാക്കലിന് റിസർവ് ബാങ്ക് അനുശാസിക്കുന്ന തരത്തിലുള്ള അവസരങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈടു വാങ്ങിയ കേസുകളിൽ ബാങ്കുകൾ ജപ്തി നടപടികളിലേക്ക് നീങ്ങുന്നതുമൂലം സമ്മർദ്ദത്തിലാവുന്ന വായ്പക്കാരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വസ്തു ഈടു നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പകളിൽ SARFAESI ACT പ്രകാരം പ്രാരംഭ ഡിമാന്റ് നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വരുന്ന വേളയിൽ മാത്രമേ പത്രപ്പരസ്യം നൽകേണ്ടതുള്ളൂ. വസ്തു കൈവശപ്പെടുത്തുന്ന വേളയിലും വില്പനയ്ക്ക് വയ്ക്കുന്ന വേളയിലും പത്രപ്പരസ്യം നിർബന്ധമായും നൽകിയിരിക്കണം. സർഫാസി നിയമത്തിനു വിരുദ്ധമായി ഏതെങ്കിലും ബാങ്ക് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ എസ്.എൽ.ബി.സി.-യുമായി ചേർന്ന് പരിഹാരം കാണുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാഭ്യാസ വായ്പയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായ വസ്തു ഈട് ആവശ്യമില്ലാത്ത വിഭാഗത്തിൽനിന്ന് ഏതെങ്കിലും ബാങ്ക് ശാഖ ഈടുവാങ്ങിയിട്ടുണ്ടെങ്കിലോ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലോ അക്കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അനന്തര നടപടി സ്വീകരിക്കുന്നതാണ്.

സ്വാതന്ത്ര്യ സമര പെൻഷൻ

66 (1770) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ എത്രയാണെന്നും ഇതിൽ കേന്ദ്ര പെൻഷൻ വാങ്ങുന്നവർ, സംസ്ഥാന പെൻഷൻ വാങ്ങുന്നവർ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) രണ്ട് പെൻഷനും ഒന്നിച്ച് വാങ്ങുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന പെൻഷൻ ഇപ്പോൾ എത്ര രൂപയാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ തുക വർദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4719 പേർ കേരള സ്വാതന്ത്ര്യ സമര പെൻഷൻ/തുടർ പെൻഷൻ വാങ്ങുന്നുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന കേന്ദ്ര സ്വാതന്ത്ര്യ സമര പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ ബാങ്കുകൾ വഴി നേരിട്ട് വിതരണം ചെയ്യുന്നതിനാൽ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല.

(ബി) ഇല്ല.

(സി) നിലവിൽ 6125 രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60 ശതമാനം ക്ഷാമബത്തയും (3675 രൂപ) സഹിതം 9800 രൂപ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനായി അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly